# <u>ലഹരിക്കെതിരെ ബോധവൽക്കരണവുമായി റൂറൽ ജില്ലാ പോലിസ്</u>

ലഹരി വസ്തുക്കളുടെ ഉപയോഗം വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ക്ലാസുകളും, ചർച്ചകളും, സെമിനാറുകളുമായി റൂറൽ ജില്ലാ പോലീസ്. ആദ്യ ഘട്ടമെന്ന നിലയിൽ അഞ്ച് സബ്ഡിവിഷനുകളിലെ മുനമ്പം, വരാപ്പുഴ, അങ്കമാലി, ബിനാനിപുരം, തടിയിട്ടപറമ്പ്, കുന്നത്തുനാട്, മൂവാറ്റുപുഴ, കുട്ടമ്പുഴ, കൂത്താട്ടുകുളം, പുത്തൻ കുരിശ് സ്റ്റേഷനുകളിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ഓരോ സ്റ്റേഷനിലും കോവിഡ് പ്രാട്ടോക്കോൾ പാലിച്ച് പരമാവധി പൊതുജനങ്ങളെ പങ്കെടുപ്പിക്കും. പരിപാടിക്ക് ജനമൈത്രി ബീറ്റ് ഓഫീസർമാർ നേതൃത്വം നൽകും. ഇതു സംബന്ധിച്ച് പ്രാഥമിക പരിശീലന പരിപാടി ജില്ലാ പോലിസ് ആസ്ഥാനത്ത് നടന്നു. റൂറൽ ജില്ലയിലെ മുഴുവൻ ബീറ്റ് ഓഫിസർമാരും പങ്കെടുത്തു. രണ്ടാം ഘട്ടമെന്ന നിലയിൽ വിദ്യാർത്ഥികൾക്കായി പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കും. ഇവരെ പങ്കെടുപ്പിച്ച് സെമിനാറുകളും ചർച്ചകളും നടത്തും. സാമൂഹ്യനീതി വകുപ്പിൻറെ സഹകരണത്തോടെയാണ് പരിപാടികൾ നടത്തുന്നത്. നശാ മുക്ത് ഭാരത് അഭിയാൻ ജില്ലാ കോ-ഓർഡിനേറ്റർ ഫ്രാൻസിസ് മൂത്തേടൻ ക്ലാസുകൾ നയിക്കും. വളർന്നു വരുന്ന തലമുറയെ ലഹരിയുടെ ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുകയും, അവബോധം സൃഷ്ടിക്കുയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് പറഞ്ഞു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ റൂറൽ ജില്ലാ പോലിസ് 175 കിലോഗ്രാം ഗഞ്ചാവാണ് പിടികൂടിയത്. ലക്ഷക്കണക്കിന് രൂപയുടെ നിരോധിത പുകയില ഉൽപ്പന്നങ്ങളും പിടികൂടിയിരുന്നു. ഇത് ഉപയോഗിക്കുന്നതിലേറെയും യുവാക്കളാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞത്. ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെ ക്കുറിച്ചുള്ള ബോധവൽക്കരണത്തിലൂടെ ഉപയോഗം നിയന്ത്രിക്കാൻ കഴിയുമെന്ന് എസ്.പി പറഞ്ഞു.